**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 446** **17-09-2025-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ് ശ്രീ. വി. ഡി. സതീശൻ

ശ്രീമതി ഉമ തോമസ് (മുഖ്യമന്ത്രി)

**(എ)** ഈ സാമ്പത്തിക വർഷം നാളിതുവരെ എത്ര കോടി രൂപ ഏതൊക്കെ ഇനത്തിൽ കടമെടുത്തിട്ടുണ്ട് എന്നതു സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓണക്കാലത്തെ ചെലവുകൾക്കായി എത്ര കോടി രൂപയാണ് വായ്പ എടുത്തത്; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം നടപ്പു സാമ്പത്തിക വർഷം ആഗസ്റ്റ് മാസം വരെ പൊതുവിപണി, മറ്റു ഏജൻസികൾ, വെയ്സ് ആന്റ് മീൻസ് അഡ്വാൻസുകൾ എന്നിവയിൽ നിന്നും 64121.78 കോടി രൂപയും വിദേശ വായ്പാ ഇനത്തിൽ 1031.41 കോടി രൂപയുമാണ് കടമെടുത്തിട്ടുള്ളത്. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ചെലവുകൾക്കായി പൊതുവിപണിയിൽ നിന്നും 8998 കോടി രൂപ കടമെടുത്തിട്ടുണ്ട്.

**(ബി)** ഈ സാമ്പത്തികവർഷം ആകെ എത്ര കോടി രൂപ വായ്പ എടുക്കുന്നതിനാണ് കേന്ദ്രസർക്കാരിന്റെ അനുമതിയുള്ളതെന്ന് അറിയിക്കാമോ; നിലവിൽ എത്ര കോടി രൂപ വായ്പ എടുത്തിട്ടുണ്ട്; ഇനി അവശേഷിക്കുന്നത് എത്ര തുകയാണ്; വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** നടപ്പു സാമ്പത്തിക വർഷം ഡിസംബർ മാസം വരെ സംസ്ഥാനത്തിന് പൊതുവിപണിയിൽ നിന്നും 34,363 കോടി രൂപയുടെ വായ്പ എടുക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ നാളിതുവരെ 25,988.007 കോടി രൂപ വായ്പ എടുത്തിട്ടുണ്ട്. ഡിസംബർ മാസം വരെയുള്ള അനുമതി തുകയിൽ അവശേഷിക്കുന്നത് 8374.993 കോടി രൂപയാണ്.

**(സി)** കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തുവാൻ സാഹചര്യമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഈ പ്രതിസന്ധി ഏത് രീതിയിൽ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി നികുതി വിഹിതത്തിലും വായ്പ അടക്കമുള്ള സർക്കാർ വരവിലും ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. മുൻകാലങ്ങളിലും ഇത് സർക്കാർ സ്വീകരിക്കുന്ന നടപടിക്രമമാണ്.

അത്തരം നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. കൂടാതെ, 10 ലക്ഷത്തിനു മുകളിലുള്ള വിതരണക്കാർ/ കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. വെയ്സ് ആന്റ് മീൻസ് പരിപാലനത്തിന്റെ ഭാഗമായുള്ള ക്രമീകരണങ്ങൾ നിലവിലെ പണഞെരുക്കത്തിനിടയിലും വികസന പ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടത്തുവാൻ സാധിച്ചത് ഇത്തരം നടപടികളുടെ ഫലപ്രാപ്തി കാരണമാണ്.

**സെക്ഷൻ ഓഫീസർ**